മയിച്ച വാട്ടർ സപ്ലൈ ഇമ്പ്രൂവ്മെന്റ് സ്കീം

67 (1978) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ പഞ്ചായത്തിലെ മയിച്ച വാട്ടർ സപ്ലൈ ഇമ്പ്രൂവ്മെന്റ് സ്കീമിന് സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് ;

(സി) ഇല്ലെങ്കിൽ ഈ പദ്ധതിക്ക് ആവശ്യമായ തുക അനുവദിക്കാനും ഇതിന്റെ പ്രവർത്തനം ആരംഭിക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയശേഷം നടപടികൾ സ്വീകരിക്കുന്നതാണ്.

പാൽവെളിച്ചം ശുദ്ധജല സംഭരണ-വിതരണ പദ്ധതി

68 (1979) ശ്രീമതി രാധാ രാഘവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുനെല്ലി പഞ്ചായത്തിലെ പാൽ വെളിച്ചം ശുദ്ധജല സംഭരണ വിതരണ പദ്ധതിക്ക് ലോകബാങ്കിന്റെ സഹായം ലഭിക്കുന്നുണ്ടോ ; എങ്കിൽ എത്ര തുക ഈ പദ്ധതിക്ക് ലഭ്യമാക്കും ;

(ബി) ഈ പദ്ധതിയുടെ പ്രവർത്തനം പുരോഗമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതു ഘട്ടത്തിലാണ് ; കാലതാമസത്തിനുള്ള കാരണമെന്താണ് ;

(സി) ഈ പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാകും എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതികൊണ്ട് എത്ര ആദിവാസി കോളനികൾക്ക് ശുദ്ധജല മെത്തിക്കുന്നതിന് സാധിക്കും ; ഇനിയും വേണ്ട പണികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ?

ഉത്തരം

(എ) തിരുനെല്ലി പഞ്ചായത്തിലെ പാൽ വെളിച്ചം ശുദ്ധജല വിതരണ പദ്ധതിക്ക് ലോക ബാങ്കിന്റെ സഹായം ലഭിക്കുന്നില്ല. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെയുള്ള ത്വരിത ഗ്രാമീണ ജല വിതരണ പരിപാടിയിൽപ്പെടുത്തി തിരുനെല്ലി വില്ലേജിനുവേണ്ടി ഒരു ശുദ്ധജല വിതരണ പദ്ധതിയുടെ പണി 510 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയിൽ നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly